പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5934 | 28.03.2018 ൽ മറുപടിയ്ക്ക് |
|---|---|

**വനിതാവികസന വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| ഈ സർക്കാർ വന്നശേഷം രൂപീകരിച്ച വനിതാവികസന വകുപ്പിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ? | 30.06.2017 ലെ സ.ഉ(കൈ) നം.24/2017/സാനീവ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി രൂപീകൃതമായ വനിതാ ശിശു വികസന വകുപ്പിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഡയറക്ടർ -1, ജില്ലാ ഓഫീസർ - 14, ലോഓഫീസർ-1, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1 ഫിനാൻസ് ഓഫീസർ -1, സപ്പോർട്ടിംഗ് സ്റ്റാഫ് -6 31.08.2017 ലെ സ.ഉ(കൈ) നം.288/2017/സാനീവ ഉത്തരവ് പ്രകാരം Rules of Business ഭേദഗതി ചെയ്യും ഉത്തരവായിട്ടുണ്ട്.<br><br>പുതിയതായി രൂപീകൃതമായ വനിതാ ശിശു വികസന വകുപ്പിലെ ഡയറക്ടർ, ലോഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ തസ്തികകളിൽ നിയമനം നടത്തുകയും പുതിയ വകുപ്പിന്റെ ഡയറക്ടറേറ്റ് പൂജപ്പുരയിലെ സാമൂഹ്യനീതി ഡയക്ടറേറ്റിന്റെ അനക്സ് ആസ്ഥാന കാര്യാലയമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 21.01.2018 ലെ സ.ഉ(സാധാ) നം.26/2018/സാനീവ ഉത്തരവ് പ്രകാരം വിഷയ വിഭജനം, ക്ഷേമ സ്ഥാപനങ്ങളുടെ കൈമാറ്റം എന്നിവ നിശ്ചയിച്ച ഇരു വകുപ്പുകളിലെയും സെക്ഷനുകൾ വിഭജിച്ച് വർക്ക് അലോക്കേഷൻ നടത്തി പുതിയ സെക്ഷനുകളിലേയ്ക്ക് ഫയലുകൾ കൈമാറുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ട്രാൻസിഷൻ ടീം രൂപീകരിച്ചും, പുതുതായ അനുവദിക്കപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ താൽക്കാലിക ചുമതല |

| | |
|---|---|
| | ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ചുമതലയേറ്റതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇരു വകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ വനിതാ ശിശു വികസന വകുപ്പ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടില്ല. നിലവിൽ വകുപ്പിന്റെ പ്രവർത്തനം ഇരു ഡയറക്ടറേറ്റുകളുടെയും സംയുക്ത മേൽനോട്ടത്തിൽ തടസ്സങ്ങളില്ലാതെ നിർവ്വഹിച്ചു വരുന്നു. അതോടൊപ്പം സെക്രട്ടറിയേറ്റ് തലത്തിലും വകുപ്പ് വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ